## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതി

നക്ഷത്രചിഹ്നമിടാത്ത                                        14.07.2014 ൽ മറുപടിക്ക്

ചോദ്യം നമ്പർ : 7304

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, സി. പി. മുഹമ്മദ്<br>,, കെ. ശിവദാസൻ നായർ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് മഹാത്മാ ഗാന്ധിതൊഴിലുറപ്പു പദ്ധതി കാര്യക്ഷമമായും പ്രായോഗികമായും നിർവ്വഹിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയതെന്ന് വിശദമാക്കാമോ ; | (എ) | അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു |
| (ബി) | മെറ്റീരിയൽ കോസ്റ്റ് ഉപയോഗിച്ച് സ്ഥിരമായ ആസ്തികൾ നിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (ബി) | ഉണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ ഈടുറ്റതും ഉല്പാദനക്ഷമവുമായ ആസ്തികൾ സൃഷ്ടിക്കുന്നതിന് സാധനസാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം എന്നിവ സുതാര്യവും കാര്യക്ഷമവുമായി നിർവ്വഹിക്കുന്നതിനാവശ്യമായ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) | അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (ഡി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം ഒരുക്കങ്ങൾ നടത്തിയിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ? | (ഡി) | അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

1. തൊഴിലുറപ്പ് പദ്ധതിയിൽ ഈടുറ്റ ആസ്തികൾ സൃഷ്ടിക്കുന്നതിന് സഹായകമായ സാധനസാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം എന്നിവ സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

2. പദ്ധതിയിൽ ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

3. കൂലിവിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനായി സംസ്ഥാനത്ത് **ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം** നടപ്പാക്കി. ഇതുവഴി അവിദഗ്ദ്ധ കായിക തൊഴിലാളികളുടെ കൂലി ഗ്രാമപഞ്ചായത്ത് പ്രസിഡൻറും സെക്രട്ടറിയും ഡിജിറ്റലായി കമ്പ്യൂട്ടറിൽ ഒപ്പ് രേഖപ്പെടുത്തി തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നേരിട്ട് കൂലി വിതരണം ചെയ്ത് വരുന്നു.

4. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ മറ്റ് ചെലവിനങ്ങളായ സാധനസാമഗ്രികൾ, ഭരണചെലവ് എന്നിവയും **ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റ**ത്തിലൂടെ നൽകുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ച് കഴിഞ്ഞു.

5. ചെയ്ത പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തുന്നതിലും അത് ചെക്ക് മെഷർ ചെയ്യുന്നതിലും ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് ആഴ്ചതോറുമുള്ള വാല്യൂവേഷൻ ബേയ്സ്ഡ് പേയ്മെന്റ് സമ്പ്രദായം നടപ്പിൽ വരുത്തി.

6. തൊഴിൽ ആവശ്യപ്പെട്ട കുടുംബത്തിന് പതിനഞ്ച് ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയില്ലായെങ്കിൽ പ്രസ്തുത കുടുംബത്തിന് തൊഴിലില്ലായ്മാ വേതനത്തിന് അർഹതയുണ്ടായിരിക്കുമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. ഇത് നടപ്പിലാക്കുന്നതിനാവശ്യമായ കരട് ചട്ടങ്ങൾ തയ്യാറാക്കി.

7. പദ്ധതി പ്രവർത്തനങ്ങൾ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യത്തിൽ കൂടുതൽ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് പര്യാപ്തമായ ശുപാർശകൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് മുൻ എം.എൽ.എ ശ്രീ. എം. മുരളിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി. കമ്മിറ്റി എല്ലാ ജില്ലകളിലും പര്യടനം നടത്തുകയും വിവരങ്ങൾ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ശേഖരിച്ച് റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

8. പതിനാല് ജില്ലകളിലെയും തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ ഇവാല്യുവേറ്റ് ചെയ്യുന്നതിന് ഗവേഷണ കേന്ദ്രങ്ങളെ ചുമതലപ്പെടുത്തി. ഇതിൽ ഫിഷറീസ് സർവ്വകലാശാലയും കേരള സർവ്വകലാശാലയുടെ പൊളിറ്റിക്കൽ സയൻസ് വകുപ്പും പഠനം പൂർത്തിയാക്കി. വയനാട്, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

9. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി കേന്ദ്രസർക്കാർ പുറപ്പെടുവിച്ച പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാവിഭാഗങ്ങളിലും എത്തിക്കുന്നതിന് സംസ്ഥാനതലത്തിൽ പരിശീലന റിസോഴ്സ് ടീം രൂപീകരിച്ചു. പ്രസ്തുത ടീമിന്റെ നേതൃത്വത്തിൽ ജില്ലാതല/ ബ്ലോക്ക്തല പരിശീലകർക്ക് ആവശ്യമായ പരിശീലനം നൽകി വരുന്നു.

10. പരാതി പരിഹാര സംവിധാനം കാര്യക്ഷമമാക്കുന്നതിന് 14 ജില്ലകളിലും ഓംബുഡ്സ്മാൻമാരെ നിയമിച്ചു. വയനാട്,പാലക്കാട്, ഇടുക്കി ജില്ലകളിൽ രണ്ട് ഓംബുഡ്സ്മാൻമാരെ വീതം നിയമിച്ചിട്ടുണ്ട്.

11. പദ്ധതി പ്രവർത്തനങ്ങളുടെ ഗുണമേന്മ പരിശോധിച്ച് സംസ്ഥാന മിഷന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് എല്ലാ ജില്ലകളിലും സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർമാരെ നിയമിച്ചു.

12. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മറ്റ് വികസന വകുപ്പുകളുമായി ഉദ്ഗ്രഥനം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചു. സംസ്ഥാനത്തെ വികസന വകുപ്പ് അദ്ധ്യക്ഷൻമാരുടെ രണ്ട് റൗണ്ട് യോഗം ഇതിനോടകം നടത്തുകയുണ്ടായി.

13. നിയമത്തിൽ അനുശാസിക്കുന്ന സംസ്ഥാന തൊഴിലുറപ്പ് നിധി രൂപീകരിക്കുകയും 2012-13 സാമ്പത്തിക വർഷം മുതൽ കേന്ദ്ര-സംസ്ഥാന വിഹിതം പ്രസ്തുത നിധിയിൽ നിക്ഷേപിച്ച് വിനിയോഗിക്കുന്ന രീതി അവലംബിച്ചു.

14. തൊഴിലാളികളുടെ തൊഴിൽ പ്രവൃത്തി സമയം, ഒരു മണിക്കൂർ വിശ്രമമടക്കം ഒൻപത് മണിക്കൂർ എന്നത് എട്ടുമണിക്കൂറായി കുറച്ചു.

15. പദ്ധതിയിൽ 2011-12 സാമ്പത്തികവർഷം 60 ലക്ഷംരൂപ ചെലവ് രേഖപ്പെടുത്തിയ പഞ്ചായത്തുകളിൽ അധികമായി ഒരു എഞ്ചിനീയർ/ ഓവർസീയറെയും ഒരു അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്ററെയും നിയമിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു.

16. പദ്ധതിയിൽ 2012-13 സാമ്പത്തികവർഷം 2 കോടി രൂപ ചെലവ് രേഖപ്പെടുത്തിയ പഞ്ചായത്തുകളിൽ മൂന്നാമത് ഒരു എഞ്ചിനീയർ/ ഓവർസീയറെയും ഒരു അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്ററെയും നിയമിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു.

17. 2012-13 സാമ്പത്തിക വർഷം ഭരണചെലവ് ഇനത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തിന്റെയും ചെലവ് ആകെ ചെലവിന്റെ നാല്ശതമാനത്തിൽ അധികരിക്കാത്ത ബ്ലോക്കുകളിൽ രണ്ടാമത്തെ അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു.

18. 2011-12 സാമ്പത്തിക വർഷം 90 ദിവസം പണിയെടുത്ത 1,04,549 കുടുംബങ്ങളിലെ സ്ത്രീ തൊഴിലാളികൾക്ക് 1,000/- രൂപാ വീതം ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്.

19. 2012-13 സാമ്പത്തിക വർഷം 100 ദിവസം ജോലിചെയ്ത എല്ലാ സ്ത്രീതൊഴിലാളികൾക്കും ഓണത്തോടനുബന്ധിച്ച് 400 രൂപയിൽ അധികരിക്കാത്ത ഓണക്കോടി വിതരണം ചെയ്യുന്നതിനായി 13,61,24800/- രൂപ സർക്കാർ അനുവദിച്ചു. പ്രസ്തുത തുക ഇക്കഴിഞ്ഞ ഓണക്കാലത്ത് വിതരണം ചെയ്യുകയുണ്ടായി.

20. അട്ടപ്പാടിയിലെ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് 100 ദിവസം അധികം നൽകുന്നതിനുള്ള 'അട്ടപ്പാടി 100+' നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

അനുബന്ധം.2

1. ഗ്രാമപ്രദേശത്തിലെ കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം, സ്ഥായിയായതും ഉല്പാദനക്ഷമവുമായ പൊതു ആസ്തികളും നിയമത്തിലെ പട്ടിക 1 ലെ ഖണ്ഡിക 5 ൽ പ്രതിപാദിക്കുന്ന ദുർബ്ബല ജനവിഭാഗങ്ങളുടെ ഉപജീവനവുമായി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തുന്നതിനുള്ള വ്യക്തിഗത ആസ്തികളുടെ നിർമ്മാണം ഉറപ്പാക്കുക.

2. സാധനസാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും വിദഗ്ദ്ധ/അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ കൂലി നിശ്ചയിക്കലും നൽകലും സുതാര്യവും അഴിമതി രഹിതവുമായി നടപ്പാക്കുന്നതിന് പഞ്ചായത്തുകളെ സഹായിക്കുക

3. സാധനസാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം വിദഗ്ദ്ധ/ അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ കൂലി എന്നിവ സംബന്ധിച്ച തീരുമാനങ്ങളെടുക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ ഉദ്യോഗസ്ഥരോടൊപ്പം പൊതു സമൂഹത്തിലെ പ്രതിനിധികളേയും അംഗങ്ങളാക്കുകവഴി സാമൂഹ്യ ഇടപെടൽ ഉറപ്പാക്കുക

4. പദ്ധതിയിൽ അനുവദിച്ചിട്ടുള്ള സാധനഘടകം പരമാവധി ഉപയോഗപ്പെടുത്തുക

5. കാർഷിക മേഖലയ്ക്ക് സഹായകരമായ വിധത്തിൽ പ്രകൃതിവിഭവ പരിപാലനത്തിനും ജലസേചന ത്തിനും ഈടുറ്റ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, പ്രവർത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക.

6. ദേശീയ ഗ്രാമീണ ഉപജീവനമിഷന്റെ നിബന്ധനകൾ പ്രകാരമുള്ള സ്വയം സഹായ സംഘങ്ങൾക്ക് കെട്ടിടങ്ങൾ നിർമ്മിച്ചു നൽകുക.

7. ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങളായ ഖര-ദ്രവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, ഗ്രാമീണ റോഡുകളുടെയും വീഥികളുടെയും നിർമ്മാണം, പുനഃരുദ്ധാരണം, കളിസ്ഥലങ്ങളുടെ നിർമ്മാണം, ദുരന്തപ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ, ഗ്രാമപഞ്ചായത്തുകളുടെ കെട്ടിടനിർമ്മാണം, ക്രിമിറ്റോറിയങ്ങളുടെ നിർമ്മാണം, ഭക്ഷ്യ ധാന്യ സംഭരണികളുടെ നിർമ്മാണം, എസ്റ്റിമേറ്റിന്റെ ഭാഗമായ നിർമ്മാണ സാമഗ്രികളുടെ ഉല്പാദനം, പദ്ധതി പ്രകാരം സൃഷ്ടിക്കപ്പെട്ട പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികൾ എന്നിവ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഗുണമേന്മയും ഈടും ഉറപ്പാക്കുന്നവിധത്തിൽ നിർമ്മാണം നടത്തുക.

സ്ഥിരമായ ആസ്തികൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനാവശ്യമായ താഴെപ്പറയുന്ന ഭരണപരവും സാങ്കേതികവുമായ പിന്തുണാസംവിധാനങ്ങൾ ഗ്രാമപഞ്ചായത്തുതലം മുതൽ സംസ്ഥാന തലം വരെ ഒരുക്കിയിട്ടുണ്ട്.

1. സാധനസാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം വിദഗ്ദ്ധ/ അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ കൂലി എന്നിവ സംബന്ധിച്ച തീരുമാനങ്ങളെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും പ്രൊക്യുർമെന്റ് കമ്മിറ്റികളും പ്രൊക്യുർമെന്റ് കമ്മിറ്റിയെ സഹായിക്കുന്നതിന് സെക്രട്ടറി കൺവീനറായി സബ്കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്.

2.സാധന സാമഗ്രികളുടെ നിരക്കുകൾ, വിദഗ്ദ്ധ/ അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ കൂലി എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ പരിശോധിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ മുകളിൽ പ്രതിപാദിച്ച നിരക്കുകൾ അംഗീകരിക്കുന്നതിനും 14 ജില്ലകളിലും/ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ കൺവീനറായി സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

3.സാധനസാമഗ്രികൾ ഉപയോഗിക്കുന്നതിന് പര്യാപ്തമായ പ്രവൃത്തികൾ കണ്ടെത്തി ഷെൽഫ് ഓഫ് പ്രോജക്ട്സ് രൂപീകരിക്കുന്നതിനും അവയെ വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ആവശ്യമായ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

4. ഇതര വികസന വകുപ്പുകളുടെ സ്കീമുകളുമായി ഉദ്ഗ്രഥിച്ച് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും നിർദ്ദേശം നൽകുകയുണ്ടായി.

5.ഓരോ ഗ്രാമപഞ്ചായത്തിലേയും പദ്ധതി ചെലവിന്റെ അടിസ്ഥാനത്തിൽ മതിയായ സാങ്കേതിക വിഭാഗം ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതനുസരിച്ച്

i. പദ്ധതിയിൽ 2011-12 സാമ്പത്തികവർഷം 60 ലക്ഷംരൂപ ചെലവ് രേഖപ്പെടുത്തിയ പഞ്ചായത്തുകളിൽ അധികമായി ഒരു എഞ്ചിനീയർ/ ഓവർസീയറെയും ഒരു അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്ററെയും നിയമിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു.

ii. പദ്ധതിയിൽ 2012-13 സാമ്പത്തികവർഷം 2 കോടി രൂപ ചെലവ് രേഖപ്പെടുത്തിയ പഞ്ചായത്തുകളിൽ മൂന്നാമത് ഒരു എഞ്ചിനീയർ/ ഓവർസീയറെയും ഒരു അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്ററെയും നിയമിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു.

iii. 2012-13 സാമ്പത്തിക വർഷം ഭരണചെലവ് ഇനത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തിന്റെയും ചെലവ് ആകെ ചെലവിന്റെ നാല്ശതമാനത്തിൽ അധികരിക്കാത്ത ബ്ലോക്കുകളിൽ രണ്ടാമത്തെ അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു.

iv. പദ്ധതി പ്രവർത്തനങ്ങളുടെ ഗുണമേന്മ പരിശോധിച്ച് സംസ്ഥാന മിഷന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് എല്ലാ ജില്ലകളിലും സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർമാരെ നിയമിച്ചു.